പൊതുജന പരാതി പരിഹാര സംവിധാനമായ സ്പെയിറ്റ് ഫോർവേഡിലെ ടോൾഫ്രീ നമ്പർ ആയ 1800 425 7211-ലൂടെയും തൽസ്ഥിതി അറിയാവുന്നതാണ്.

ജീവകാരുണ്യ പ്രവർത്തനങ്ങളുടെ പേരിൽ നടത്തുന്ന തട്ടിപ്പ്

60 (3087) ശ്രീ. കെ. ജെ. മാക്സി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചികിത്സാ സഹായം ഉൾപ്പെടെ സംസ്ഥാനത്ത് നടന്നുവരുന്ന ജീവകാരുണ്യ പ്രവർത്തനങ്ങൾ എന്തെല്ലാം; ഇവയ്ക്കുള്ള സർക്കാർ നിയന്ത്രണങ്ങൾ എന്തെല്ലാമെന്നും ഇതുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതി ആവശ്യപ്പെട്ട വിശദാംശങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

വിവരം ശേഖരിച്ചുവരുന്നു.

(ബി) ജീവകാരുണ്യ പ്രവർത്തനങ്ങളുടെ പേരിൽ യുട്യൂബർമാർ പിരിവു നടത്തി പണം സ്വന്തം അക്കൗണ്ടിൽ ശേഖരിക്കുന്നതായും ആർക്കും ആരുടെ പേരിലും പണപ്പിരിവ് നടത്താവുന്ന രീതി നിലനില്ക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ കണ്ടെത്തി; എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചു ; വിശദാംശം ലഭ്യമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജീവകാരുണ്യ പ്രവർത്തനങ്ങളുടെ പേരിൽ പിരിവുനടത്തി പണം സ്വന്തം അക്കൗണ്ടിൽ ശേഖരിക്കുന്നതുമായി ബന്ധപ്പെട്ട് 4 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും 7 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത ജീവകാരുണ്യപ്പിരിവ് സുതാര്യമാക്കി ഗുണഭോക്താക്കളായവരിൽ എത്തിക്കാനും പണം തട്ടുന്ന സംഘങ്ങളെയുൾപ്പെടെ കണ്ടെത്തി ശിക്ഷ ഉറപ്പാക്കാനും ഇതിനായി ഒരു സമഗ്ര നയം ഉറപ്പുവരുത്താനുമായി എന്ത് നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഇത്തരം പരാതികൾ ശ്രദ്ധയിൽപ്പെട്ടാൽ നിലവിലുള്ള നിയമപ്രകാരം കേസ്സുകൾ രജിസ്റ്റർ ചെയ്ത് കർശന നിയമ നടപടികൾ സ്വീകരിക്കുന്നതാണ്. ജീവകാരുണ്യ പിരിവ് സുതാര്യമാക്കാൻ പര്യാപ്തമായ സംവിധാനമുണ്ടാക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

കോവിഡ് ദുരിതാശ്വാസ പദ്ധതികൾ

61 (3088) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിമൂലം ദുരിതമനുഭവിക്കുന്ന സംസ്ഥാനത്തെ സാധാരണ ജനങ്ങളെ സഹായിക്കുന്നതിനും സംരക്ഷിക്കുന്നതിനുമായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly